പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3443 29.01.2014 - ൽ മറുപടിക്ക്

## വയോമിത്രം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. കെ. ബാലൻ | ഡോ. എം.കെ. മുനീർ (ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വയോജന നയത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള കർമ്മ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ; ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് ഇതിനകം തുടക്കം കുറിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | മുതിർന്ന പൗരന്മാർക്ക് പരിചരണം, പരിരക്ഷ എന്നിവയും ഉപരിയായി സ്വാതന്ത്ര്യം, സംരക്ഷണം, സാമൂഹിക പ്രക്രിയകളിലുള്ള പങ്കാളിത്തം, എന്നിവയുള്ള അവകാശം ഉറപ്പാക്കാനും, മുതിർന്നവരെ സാമ്പത്തികവും, ആരോഗ്യപരവും, സാമൂഹികവും, വൈകാരികവുമായ തലങ്ങളിൽ ശാക്തീകരിക്കുവാനും ഉദ്ദേശിച്ചു കൊണ്ട് മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള "സംസ്ഥാന നയം 2013" അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയതിൽ മുതിർന്ന പൗരന്മാരുടെ സാമ്പത്തിക സുരക്ഷ, ആരോഗ്യം, ക്ഷേമം, സംരക്ഷണം, നിയമ സഹായം എന്നിവയ്ക്ക് മുൻഗണന നൽകി കൊണ്ടുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ആയത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വയോമിത്രം പദ്ധതി വയോജന നയത്തിന്റെ ഭാഗമാണോ ; ഈ പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; ഇതിൽ ഏതെങ്കിലും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (ബി) | വയോമിത്രം പദ്ധതി വയോജന നയത്തിന്റെ ഭാഗമല്ല. സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ വസിക്കുന്ന വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടി 2010 മുതൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് വയോമിത്രം. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 25 നഗരപ്രദേശങ്ങളിൽ പദ്ധതി നടപ്പാക്കി വരുന്നു. പദ്ധതിയിലൂടെ സൗജന്യ മരുന്നുകൾ, പാലിയേറ്റീവ് കെയർ, ആംബുലൻസ് സൗകര്യം, ഹെൽപ്പ് ഡെസ്ക് എന്നീ സേവനങ്ങൾ വയോജനങ്ങൾക്ക് നൽകി വരുന്നു. |

(സി) ഈ പദ്ധതിയുടെ കീഴിൽ ലബോറട്ടറി സൗകര്യമുള്ള മൊബൈൽ വാനുകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതി ആരംഭിച്ചു ; വയോജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ഇതിലൂടെ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

(സി) വയോമിത്രം പദ്ധതിയിൽ ലബോറട്ടറി സൗകര്യമുള്ള മൊബൈൽ വാനുകൾ നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. വയോമിത്രം പദ്ധതി നടപ്പാക്കി വരുന്ന നഗരസഭ പ്രദേശങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ജില്ല | നഗര പ്രദേശം |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം, നെയ്യാറ്റിൻകര |
| കൊല്ലം | കൊല്ലം, കരുനാഗപ്പള്ളി |
| പത്തനംതിട്ട | പത്തനംതിട്ട |
| ആലപ്പുഴ | ആലപ്പുഴ, ചേർത്തല |
| കോട്ടയം | കോട്ടയം , പാല |
| ഇടുക്കി | തൊടുപുഴ |
| എറണാകുളം | കൊച്ചി, അങ്കമാലി |
| തൃശ്ശൂർ | തൃശ്ശൂർ, ചാവക്കാട് |
| പാലക്കാട് | പാലക്കാട്, ഷൊർണ്ണൂർ |
| മലപ്പുറം | മലപ്പുറം. തിരൂർ, നിലമ്പൂർ |
| കോഴിക്കോട് | കോഴിക്കോട്, കൊയിലാണ്ടി |
| വയനാട് | കൽപ്പറ്റ |
| കണ്ണൂർ | കണ്ണൂർ , മട്ടന്നൂർ |
| കാസർഗോഡ് | കാസർഗോഡ് |

വയോമിത്രം പദ്ധതിയിലൂടെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് കെയർ, ആംബുലൻസ് സൗകര്യം, ഹെൽപ്പ് ഡെസ്ക്ക് എന്നിവയടക്കം സേവനം നൽകി വരുന്നു. കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഏയ്ഞ്ചൽ നെറ്റ് വർക്കുമായി ചേർന്ന് ആംബുലൻസ് സൗകര്യം ലഭ്യമാക്കി വരുന്നു.

സെക്ഷൻ ഓഫീസർ